**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 74** **05-12-2022 - ൽ മറുപടിയ്ക്ക്**

**പ്രവാസി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസി പെൻഷൻ ലഭിക്കുന്നതിനായി കേരള പ്രവാസി ക്ഷേമ ബോർഡിൽ അംശദായം അടച്ചിട്ടുള്ള വ്യക്തികൾക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | 2008 -ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി, സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പ്രകാരം അംശദായം അടച്ച് അർഹത നേടിയിട്ടുള്ളവർക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 18 വയസ്സിനും 60 വയസ്സിനും മദ്ധ്യേ പ്രായപരിധിയിൽ ക്ഷേമനിധി അംഗത്വമെടുത്ത് 5 വർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശദായം അടയ്ക്കുന്നവർക്കാണ് നിലവിൽ പെൻഷൻ അനുവദിക്കുന്നത്. പെൻഷൻ പ്രായം കഴിഞ്ഞ് രണ്ട് വർഷത്തിനുള്ളിൽ മുഴുവൻ കുടിശ്ശിക അടച്ച് പൂർത്തിയാക്കുന്നവർക്കും പെൻഷൻ അനുവദിക്കുന്നുണ്ട്. കൂടാതെ അംഗത്വമെടുത്ത് പെൻഷൻ പ്രായത്തിന് മുൻപ് അംശദായ അടവിൽ ഒരു വർഷത്തിൽ താഴെ കുടിശ്ശിക വരുത്തി പെൻഷന് അർഹത നഷ്ടപ്പെട്ട അംഗങ്ങൾക്ക് 62 വയസ്സിനു ശേഷവും മുടക്കം വരുത്തിയ ടി കുടിശ്ശിക/ പിഴ തുക അടച്ച് പെൻഷന് അപേക്ഷിക്കുന്നതിന് 15-02-2023 വരെ താല്ക്കാലിക ഇളവും സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി കാലപരിധി കഴിഞ്ഞ് അംശദായ അടവിൽ ഒരു വർഷമോ അതിലധികമോ വീഴ്ച വരുത്തി അംഗത്വം സ്വമേധയാ റദ്ദായവർക്ക് പെൻഷൻ ലഭിക്കുന്നതിന് നിലവിൽ അർഹതയില്ല. |
| (ബി) | പെൻഷൻ നിഷേധിക്കപ്പെട്ടാൽ അടച്ചിട്ടുള്ള അംശദായം തിരികെ ലഭിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ; ആയതിന്റെ നടപടിക്രമങ്ങൾ അറിയിക്കാമോ? | (ബി) | പെൻഷന് അർഹതയില്ലാത്തവർക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കുന്ന പ്രകാരം അവർ അടച്ച അംശദായ തുക തിരികെ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ